*Jagratha-049*

Vol-2,Issue-15
28-04- 2008

*Kerala Catholic Bishops' Council's*

# ***Commission for Social Harmony and Vigilance***

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാന വാർത്തകൾ**

01. മനുഷ്യാവകാശങ്ങൾ മാനിക്കണം : മാർപ്പാപ്പ
02. കുടുംബശ്രീ കുടുംബങ്ങളിൽ മദ്യാസക്തി കുറവ്
03. സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേക്കുള്ള ഫീസ് പ്രഖ്യാപിച്ചു.
04. അക്രമങ്ങൾക്കെതിരെ തിരുവല്ല അതിരൂപതയിൽ ഇടയലേഖനവും പ്രതിജ്ഞയും.
05. ദളിത് ക്രൈസ്തവരുടെ ആനുകൂല്യങ്ങൾ നിഷേധിക്കരുത്.
06. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിൽ
07. ന്യൂനപക്ഷാവകാശം തടയാൻ ആർക്കും കഴിയില്ല : വയലാർ രവി.

**01. മനുഷ്യാവകാശങ്ങൾ മാനിക്കണം : മാർപ്പാപ്പ** (ദീപിക 19-04-2008)

മനുഷ്യാവകാശങ്ങൾ മാനിക്കുന്നതിലൂടെ മാത്രമേ ലോകത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവൂ എന്ന് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ വ്യക്തമാക്കി. യു.എൻ ജനറൽ അസംബ്ളിയെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ രാഷ്ട്രങ്ങളുടെ കൂട്ടായ ശ്രമമാണ് ആവശ്യമെന്നും ഏകപക്ഷീയമായി പെരുമാറുന്ന രാജ്യങ്ങൾ യു.എന്നിന്റെ വിലയിടിക്കുകയാണെന്നും മാർപ്പാപ്പ അഭിപ്രയപ്പെട്ടു. ഏതാനും രാജ്യങ്ങളുടെ തീരുമാനമാണ് പലപ്പോഴും നടപ്പാക്കപ്പെടുന്നതെന്ന് രാജ്യങ്ങളുടെ പേര് പരാമർശിക്കാതെ അദ്ദേഹം പറഞ്ഞു.

ദേശീയ താൽപര്യത്തിന്റെയോ ഭൂരിപക്ഷ ഭരണത്തിന്റെയോ പേരു പറഞ്ഞ് മനുഷ്യാവകാശങ്ങൾ പരിമിതപ്പെടുത്താനോ അവ തിരുത്തിയെഴുതാനോ ആർക്കും അവകാശമില്ലെന്നും മനുഷ്യാവകാശത്തിൽ മതസ്വാതന്ത്ര്യം ഉൾപ്പെടുന്നതായും മാർപ്പാപ്പ ചൂണ്ടിക്കാട്ടി. ആഗോളീകരണം, പരിസ്ഥിതി തുടങ്ങിയ വിവിധ പ്രശ്നങ്ങളെക്കുറിച്ചും ഫ്രഞ്ചിലും ഇംഗ്ലീഷിലുമായി നടത്തിയ പരാമർശത്തിൽ മാർപ്പാപ്പ പ്രസംഗിച്ചു. മാർപ്പാപ്പയെ സെക്രട്ടറി ജനറൽ ബാൻ കി മൂൺ സ്വാഗതം ചെയ്തു. മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 60-ാം വാർഷികം പ്രമാണിച്ച് ബാൻ കി മൂണിന്റെ ക്ഷണം സ്വീകരിച്ചാണ് മാർപ്പാപ്പ ജനറൽ അസംബ്ലിയിൽ പ്രസംഗിച്ചത്. യു. എന്നിൽ പ്രസംഗിക്കുന്ന മൂന്നാമത്തെ മാർപ്പാപ്പയാണ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ. പോൾ ആറാമനും ജോൺ പോൾ രണ്ടാമനും യു.എന്നിൽ പ്രസംഗിച്ചിട്ടുണ്ട്.

**02. കുടുംബശ്രീ കുടുംബങ്ങളിൽ മദ്യാസക്തി കുറവ്.** (സിറാജ് 17-04-2008)

മദ്യ ഉപഭോഗം ക്രമാതീതമായി വർധിക്കുന്ന സംസ്ഥാനത്ത് കുടുംബശ്രീ കുടുംബങ്ങളിൽ മദ്യാസക്തി കുറഞ്ഞു വരുന്നതായി പഠന റിപ്പോർട്ട്. കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആൻഡ് എൻവയൺമെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഡോ. എം.എ ഉമ്മൻ നടത്തിയ റിപ്പോർട്ടിലാണ് ഈ വെളിപ്പെടുത്തൽ. കുടുംബശ്രീ അംഗങ്ങളായ ഏഴായിരം കുടുംബങ്ങളിൽ നിന്ന് വിവരശേഖരം നടത്തിയാണ് പഠനറിപ്പോർട്ട് തയാറാക്കിയത്. പദ്ധതിയിലൂടെ കൂട്ടായ വിലപേശൽ ശേഷിയിൽ ഗണ്യമായ വർദ്ധന ഉണ്ടായതായി പഠനത്തിൽ പങ്കെടുത്തവരിൽ 68.25 ശതമാനം പേരും പറഞ്ഞു.

മൊത്തം ശേഷി വർദ്ധിച്ചതായി പറഞ്ഞത് 62.4 ശതമാനം പേരാണ്. സംഘടനാ ശേഷി വർദ്ധിച്ചതായി 32 ശതമാനം പേർ വ്യക്തമാക്കി. ആത്മവിശ്വാസം തോന്നുന്നുവെന്ന് 90 ശതമാനത്തിലധികം പേർ പറയുന്നത് ചെറിയ കാര്യമല്ലെന്ന് ഡോ. എം.എ ഉമ്മൻ പറഞ്ഞു. കുടുംബത്തിനുള്ളിലും അയൽക്കാർക്കിടയിലും തങ്ങളുടെ പദവി ഗണ്യമായി ഉയർന്നതായി പഠനത്തിൽ പങ്കെടുത്ത സ്ത്രീകൾ അറിയിച്ചു. അതേ സമയം സർവെയിൽ പങ്കെടുത്ത അഞ്ചിലൊന്ന് പേർ കാര്യമായ പുരോഗതി ഉണ്ടായില്ലെന്ന പക്ഷക്കാരാണ്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിൽ പദ്ധതി ഇനിയും ഏറെ മുന്നോട്ട്പോകേണ്ടതുണ്ടെന്നാണ് പഠനം വ്യക്തമാക്കുന്നതെന്ന് ഡോ. ഉമ്മൻ പറഞ്ഞു. പദ്ധതി നടത്തിപ്പിൽ അലംഭാവം പാടില്ലെന്നതിന്റെ സൂചനകളും ലഭിച്ചിട്ടുണ്ട്.

പരസ്പരവിശ്വാസം, പരസ്പരബന്ധിതമായ സാമൂഹ്യ പ്രവർത്തനം തുടങ്ങിയ ഘടകങ്ങളെ ആധാരമാക്കിയാണ് സാമൂഹ്യമൂലധനത്തെ പഠനം വിലയിരുത്തുന്നത്. പരസ്പര വിശ്വാസത്തോടെ സഹകരിക്കാൻ കുടുംബശ്രീ അംഗങ്ങൾക്ക് കഴിയുന്നുണ്ട്. സമൂഹത്തിന് കുടുംബശ്രീ പ്രവർത്തകരിലുള്ള വിശ്വാസം വർദ്ധിച്ചു. കുടുംബശ്രീ പ്രവർത്തകർക്ക് പ്രാദേശിക സർക്കാർ പ്രതിനിധികളുമായി കൂടുതൽ സഹകരിച്ച് പ്രവർത്തിക്കാനും കഴിഞ്ഞു. 2005-ലെ തദ്ദേശ ഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ മത്സരിച്ച 3200 കുടുംബശ്രീ പ്രവർത്തകരിൽ 1408 പേർ വിജയിച്ചതായി പഠനം വ്യക്തമാക്കുന്നു. കുടുംബശ്രീ പദ്ധതിയിൽ ചേർന്ന 16 ശതമാനം പേരുടെ ഭവന സൗകര്യം മെച്ചപ്പെട്ടു. ഭവനശ്രീ പോലുള്ള പദ്ധതികളുടെ ഗുണഫലം പുറത്തുവരാൻ കൂടുതൽ സമയം വേണമെന്നും ഡോ. ഉമ്മൻ ചൂണ്ടിക്കാട്ടി.

ശുചിത്വകാര്യങ്ങളിലുണ്ടായിട്ടുള്ള മുന്നേറ്റവും ശ്രദ്ധേയമാണ്. സാമ്പത്തിക ശാക്തീകരണത്തിന്റെ കാര്യത്തിൽ മുന്നേറാൻ കഴിയാത്തത് അത്ഭുതകരമായ സംഭവമാണെന്ന് പഠനം വിലയിരുത്തുന്നു. ആസ്തികളുടെയും വരുമാനത്തിന്റെയും കണക്കെടുപ്പിൽ സാമ്പത്തിക നില വളരെ മോശമാണ്. സമ്പാദ്യത്തിലാണ് വർധന കാണിക്കുന്നത്. പല അവശ്യ ഉപഭോഗങ്ങളും നീട്ടിവച്ച് ആസ്തികൾ ഉണ്ടാക്കാതെ സമ്പാദിക്കുകയാണ് പൊതുവെയുള്ള പ്രവണത. ദരിദ്രരുടെ കടം വാങ്ങൽ ശേഷിയിൽ ഗണ്യമായ വർധനയുണ്ടായി. കടബാധ്യതയുടെ കാര്യത്തിൽ കുടുംബശ്രീ അംഗങ്ങളുടെ നില മെച്ചമല്ല. ശരാശരി കടബാധ്യത 19236 രൂപയാണ്. ദേശീയ സാമ്പിൾ സർവെ അനുസരിച്ച് കേരളത്തിലെ ഗ്രാമീണ മേഖലയിൽ ശരാശരി കടബാധ്യതയായ 19666 രൂപയിൽ നിന്നും സാരമായ കുറവല്ല ഇതെന്ന് പഠനം ചൂണ്ടിക്കാട്ടി. കുടുംബശ്രീയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പഠനറിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ദരിദ്രരെ കണ്ടെത്താനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കണം. ദാരിദ്ര്യത്തിൽനിന്ന് പുറത്തെത്തിക്കുന്നവരെ സ്ഥിരതയുള്ള തൊഴിലിലേക്ക് എത്തിക്കാനുള്ള തന്ത്രങ്ങൾക്ക് രൂപം കൊടുക്കണം. ദാരിദ്ര്യരേഖയ്ക്ക് മുകളിലും താഴെയും വരുന്നവരെ ഒന്നിച്ച് ഉൾപ്പെടുത്തി സംയുക്ത സംരംഭങ്ങളെക്കുറിച്ച് ആലോചിക്കണം. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾക്ക് രൂപം നൽകണം. കുടുംബശ്രീ യൂണിറ്റുകളെ ഒട്ടേറെ ചുമതലയേൽപ്പിക്കുന്ന രീതി ഗുണകരമല്ലെന്നും റിപ്പോർട്ടിലുണ്ട്.

**03. സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേക്കുള്ള ഫീസ് പ്രഖ്യാപിച്ചു. (മാധ്യമം 18-04-2008)**

സ്വാശ്രയ നേഴ്സിംഗ് മാനേജ്മെന്റുകൾ സ്വന്തം നിലക്ക് മുഴുവൻ സീറ്റിലേക്കും പ്രവേശനവും പ്രവേശന പരീക്ഷയും നടത്താനുള്ള തീരുമാനം കൈക്കൊണ്ടതിനു പുറകെ, സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേക്കുള്ള അടുത്ത വർഷത്തെ ഫീസ് ജസ്റ്റിസ് പി.എ മുഹമ്മദ് പ്രഖ്യാപിച്ചു. സ്വാശ്രയ നഴ്സിംഗ് ബി.എസ്സി നഴ്സിംഗ് കോഴ്സിന് 59,000രൂപയും രണ്ടുവർഷത്തെ പോസ്റ്റ് മെട്രിക് നേഴ്സിംഗ് കോഴ്സിന് 62,000 രൂപയുമാണ് ഫീസ് നിശ്ചയിച്ചത്. ഇതിനു പുറമേ രണ്ട് കോഴ്സുകൾക്കും 10,000 രൂപ വീതം തിരിച്ച് നൽകുന്ന കോഷൻ ഡെപ്പോസിറ്റായി സ്വീകരിക്കാമെന്നും സമിതി നിർദ്ദേശിച്ചു. ആരോഗ്യ വകുപ്പ് സെക്രട്ടറി ഡോ. ബിശ്വാസ് മേത്ത, ഡോ. ജോയ് ജോബ് കുളവേലിൽ, എസ് സുരേഷ് ബാബു, സലോമി ജോർജ്ജ് എന്നിവരുടെ സാന്നിധ്യത്തിലാണ് സമിതി തീരുമാനം. അതിനിടെ, 41 സ്വാശ്രയ നഴ്സിംഗ് കോളേജുകൾ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സ്വീകരിച്ചു തുടങ്ങി. അടുത്ത മാസം അവസാനം പരീക്ഷ നടത്താനാണ് തീരുമാനം. ഒമ്പതു വരെ അപേക്ഷ സ്വീകരിക്കുമെന്നാണ് മാനേജ്മെന്റുകൾ അറിയിച്ചിട്ടുള്ളത്.

**04. അക്രമങ്ങൾക്കെതിരെ തിരുവല്ല അതിരൂപതയിൽ ഇടയലേഖനവും പ്രതിജ്ഞയും.**

(ദീപിക 21-04-2008)

സഭാ സ്ഥാപനങ്ങളെ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയും, പിതാക്കന്മാരെയും, വൈദികരെയും തുടർച്ചയായി അധിക്ഷേപിക്കുകയും ചെയ്യുന്ന സി.പി.എം നയത്തിനെതിരേ തിരുവല്ല അതിരൂപതയിൽ വിശ്വാസികൾ പ്രതിജ്ഞയെടുത്തു. അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ് ഡോ.തോമസ് മാർ കൂറിലോസ് പുറപ്പെടുവിച്ച ഇടയലേഖനം വായിച്ചതിനുശേഷമായിരുന്നു ഇന്നലെ ദേവാലയങ്ങളിൽ വൈദികർ ചൊല്ലിക്കൊടുത്ത പ്രതിജ്ഞ വിശ്വാസികൾ ഏറ്റുചൊല്ലിയത്. മലങ്കര കത്തോലിക്കാ സഭയുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കുമെന്നും, സഭയുടെ സ്ഥാപനങ്ങൾക്കും, പിതാക്കന്മാർക്കും, വൈദികർക്കും, നേതാക്കന്മാർക്കും നേരെയുണ്ടാകുന്ന എല്ലാ അക്രമങ്ങളെയും സർവശക്തി ഉപയോഗിച്ച് എതിർത്തു തോല്പിക്കുമെന്നുമായിരുന്നു പ്രതിജ്ഞ.

അതിരൂപതയുടെ എല്ലാ സ്ഥാപനങ്ങളും, നാം ഓരോരുത്തരുടേതാണ്. ഇവയുടെ സുഗമമായ നടത്തിപ്പും, പ്രവർത്തനവും നമ്മുടെ ഉത്തരവാദിത്വമാണ്. അകാരണമായി നമ്മുടെ സ്ഥാപനങ്ങളെ അക്രമിക്കുകയും, നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്യുന്നത് സി.പി.എമ്മിന്റെയും, പോഷകസംഘടനകളുടെയും സ്ഥിരം ശൈലിയായി മാറിയിരിക്കുന്നു. എന്നാൽ ഇനിമേലാൽ ഇത്തരം ഗുണ്ടായിസങ്ങൾ സഭാ സ്ഥാപനങ്ങളിൽ ആവർത്തിക്കാൻ അനുവദിക്കുകയില്ല എന്നും വിശ്വാസികൾ പ്രതിജ്ഞയെടുത്തു. തിരുവല്ല മാക്ഫാസ്റ്റ് കോളജിൽ ഒന്നാംവർഷ വിദ്യാർഥിനിയായിരുന്ന സുമി സുരേന്ദ്രൻ ചവറയിലെ വീട്ടിൽ ആത്മഹത്യ ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാർച്ച് 25-ന് കോളജിനു നേരെ എസ്.എഫ്.ഐ നേതൃത്വത്തിൽ നടന്ന ആക്രമണം സി.പി.എം നേതൃത്വത്തിന്റെ അറിവോടെ മുൻകൂട്ടി തയാറാക്കിയ പരിപാടിയുടെ ഭാഗമായിരുന്നുവെന്ന് ആർച്ച് ബിഷപ് പുറത്തിറക്കിയ ഇടയലേഖനത്തിൽ പറയുന്നു.

**05. ദളിത് ക്രൈസ്തവരുടെ ആനുകൂല്യങ്ങൾ നിഷേധിക്കരുത്.** (ദീപിക 22-04-2008)

ദളിത് ക്രൈസ്തവരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് നീതിരഹിതവും ഭാരതത്തിന്റെ ജനാധിപത്യ വ്യവസ്ഥിതിക്ക് യോജിച്ചതുമല്ലെന്ന് ദളിത് കത്തോലിക്കാ മഹാജന സഭ സംസ്ഥാനപ്രതിനിധി അഭിപ്രായപ്പെട്ടു. രാജ്യത്തെ ദളിത് ക്രൈസ്തവ, മുസ്ലീം സംവരണ പ്രശ്നം അടിയന്തരമായി പരിഹരിക്കണമെന്നു തിരുവല്ലയിൽ നടന്ന പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്ത ആലപ്പുഴ രൂപതാധ്യക്ഷനും ദളിത് കത്തോലിക്കാ മഹാജന സഭ രക്ഷാധികാരിയുമായ ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ ആവശ്യപ്പെട്ടു. മാറി മാറി ഭരിച്ച കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിഷേധാത്മക സമീപനത്തിൽ കാതലായ മാറ്റമുണ്ടാകാത്ത പക്ഷം ശക്തമായ സമരപരിപാടികൾ ആവിഷ്കരിക്കുമെന്ന് സമ്മേളനം മുന്നറിയിപ്പ് നൽകി. സംസ്ഥാന ഡയറക്ടർ ഫാ. ജോൺ അരീക്കൽ അവകാശ പത്രിക സമർപ്പിച്ചു.

**06. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിൽ** (ദീപിക 23-04-2008)

കത്തോലിക്കാ സഭയുടെ കീഴിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ഈ വർഷം പ്രവേശനത്തിൽ അനുവർത്തിക്കേണ്ട നിലപാടുകൾക്കു കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി) മാർഗരേഖ തയ്യാറാക്കി. എല്ലാ സീറ്റിലും മെറിറ്റ് അനുസരിച്ചായിരിക്കും പ്രവേശനം നൽകുക. സാമൂഹികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് പരിഗണന നൽകി പ്രവേശനം നൽകും. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ നിശ്ചിത ശതമാനം സീറ്റുകളിൽ പ്രവേശിപ്പിച്ച് സ്കോളർഷിപ്പ് നൽകി സൗജന്യമായി പഠിപ്പിക്കും. ഓരോ അവാന്തര വിഭാഗത്തിലും മെറിറ്റ് അനുസരിച്ചു മാത്രമായിരിക്കും പ്രവേശനം. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ലത്തീൻ കത്തോലിക്കർക്ക് നാല് ശതമാനം സീറ്റുകൾ മാറ്റിവയ്ക്കും. പട്ടികജാതി, പട്ടികവർഗക്കാർക്കായി നഴ്സിംഗ് കോളേജുകളിൽ മൂന്ന് ശതമാനവും എൻജിനീയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജുകളിലും അഞ്ചു ശതമാനവും സീറ്റുകൾ മാറ്റി വയ്ക്കും.

ദളിത് കത്തോലിക്കർക്ക് നഴ്സിംഗ് കോളേജുകളിൽ മൂന്നു ശതമാനവും എൻജിനീയറിംഗ് കോളേജുകളിൽ അഞ്ചു ശതമാനവും മെഡിക്കൽ കോളേജുകളിൽ രണ്ടു ശതമാനവും സീറ്റുകൾ മാറ്റി വയ്ക്കും.

മെഡിക്കൽ കോളേജുകൾ കഴിഞ്ഞ വർഷം ചെയ്തതുപോലെ തന്നെ 25 സീറ്റുകളിൽ സമർത്ഥരായ പാവപ്പെട്ട വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു സ്കോളർഷിപ്പ് നൽകി സൗജന്യമായി പഠിപ്പിക്കും. എൻജിനീയറിംഗ് കോളേജുകളിൽ ഓരോ വർഷവും പത്തു വിദ്യാർത്ഥികളെയെങ്കിലും പ്രവേശിപ്പിച്ചു സൗജന്യമായി പഠിപ്പിക്കും. നഴ്സിംഗ് കോളേജുകളിൽ യോഗ്യരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകും. കഴിഞ്ഞ ദിവസം കൊച്ചി പി.ഒ.സിയിൽ കേരളത്തിലെ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ വിദ്യാഭ്യാസത്തിനായുള്ള കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമന്റെ നേതൃത്വത്തിൽ നടന്ന സമ്മേളനമാണ് സ്വാശ്രയ വിദ്യാഭ്യാസരംഗത്തെ നിലപാടുകൾ വ്യക്തമാക്കിയത്.

പാവപ്പെട്ട വിദ്യാർത്ഥികൾ അവർ പഠിക്കുന്നത് ഏതു കോളേജിലായാലും പഠന സഹായം എത്തിക്കുകയെന്ന സർക്കാരിന്റെ കടമ വിസ്മരിക്കുകയും അതേ സമയം സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ കാണിക്കുന്ന സാമൂഹിക പ്രതിബദ്ധതയെ താറടിക്കുകയും ചെയ്യുന്ന സർക്കാർ നിലപാടുകൾ പ്രതിഷേധാർഹമാണെന്നും സമ്മേളനം വിലയിരുത്തിയതായി ഡെപ്യൂട്ടി സെക്രട്ടറി റവ.ഡോ. സ്റ്റീഫൻ ആലത്തറ അറിയിച്ചു.

**07. ന്യൂനപക്ഷാവകാശം തടയാൻ ആർക്കും കഴിയില്ല : വയലാർ രവി.** (ദീപിക 24-04-2008)

വിദ്യാഭ്യാസ, ആരോഗ്യ സേവനങ്ങളോടൊപ്പം ജാതി, മത വ്യത്യാസമില്ലാതെ പാവപ്പെട്ടവരുടെ ശാക്തീകരണത്തിനായി ഇന്ത്യയിലെ കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾ മഹനീയമാണെന്ന് കേന്ദ്ര പാർലമെന്ററി, പ്രവാസികാര്യ മന്ത്രി വയലാർ രവി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ മത ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകിയിട്ടുള്ള അവകാശം തടയാൻ ഒരു സംസ്ഥാന സർക്കാരിനും കഴിയില്ലെന്നു മന്ത്രി വ്യക്തമാക്കി. സി.ബി.സി.ഐ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിലിനെ അനുമോദിക്കാൻ ഡൽഹിയിലെ സീറോ മലബാർ കത്തോലിക്കർ സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു രവി. ധനികർ സമ്പത്ത് പാവങ്ങളുമായി പങ്കുവയ്ക്കണമെന്നും ഇതിനായി പ്രത്യേക നിയമം കൊണ്ടുവരണമെന്നും കർദിനാൾ മാർ വർക്കി വിതയത്തിൽ അഭിപ്രായപ്പെട്ടു. മതത്തിന്റെ പേരിൽ ദളിത് ക്രൈസ്തവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് വലിയ കളങ്കതയും കപടതയുമാണെന്നും ഈ നാണക്കേട് എത്രയും വേഗം തിരുത്തണമെന്നും സി.ബി.സി.ഐ പ്രസിഡന്റ് പറഞ്ഞു. മത തീവ്രവാദവും അസഹിഷ്ണുതയും രാജ്യത്തിന്റെ മഹത്തായ പാരമ്പര്യത്തിനും സംസ്കാരത്തിനും എതിരാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ക്രൈസ്തവ സഭകളുടെ ചരിത്രം സാമൂഹ്യസേവനത്തിന്റെയും മഹത്തായ മാനുഷികതയുടെയും ചരിത്രം കൂടിയാണെന്ന് മന്ത്രി വയലാർ രവി ചൂണ്ടിക്കാട്ടി. ക്രൈസ്തവർ ഉള്ള സ്ഥലങ്ങളിലെല്ലാം ഒരു സ്കൂളും ഒരാശുപത്രിയും സ്ഥാപിച്ചാണ് അവർ സേവനം നടത്തിയത്. ജാതി, മത വേർതിരിവുകളൊന്നുമില്ലാതെയാണ് സഭ സാമൂഹ്യ സേവനം നടത്തിയത്. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവന് വിദ്യാഭ്യാസവും ആതുരശുശ്രൂഷയും എത്തിച്ചു. പൊതുവായ സാമൂഹ്യ സേവനങ്ങളെക്കാളേറെ പാവപ്പെട്ടവരുടെ ശാക്തീകരണത്തിന് സഭ പ്രത്യേക മുൻതൂക്കം നൽകി- മന്ത്രി പറഞ്ഞു. ഗോൾഡാഖാന കത്തീഡ്രൽ കമ്യൂണിറ്റി ഹാളിൽ നടന്ന സ്വീകരണ സമ്മേളനത്തിൽ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ കേക്ക് മുറിച്ചു.

♦♦♦♦♦♦